**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1450**

**21.03.2012-ൽ മറുപടിയ്ക്ക്**

## പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി) |
| എ. കല്ല്യാശ്ശേരി മണ്ഡലത്തിൽ പ്രധാന മന്ത്രി ഗ്രാമീൺ സഡക് യോജന (പി. എം.ജി.എസ് .വൈ) പദ്ധതി പ്രകാരം എത്ര പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട് ; അവ ഏതെല്ലാം; എന്നത്തേക്ക് ഇവയുടെ പ്രവൃത്തി ആരംഭിക്കാൻ കഴിയും ; | എ. | കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം കോലത്തു വയൽ-പാറപ്പുറം റോഡ്, മോറാഴ-പുഞ്ചവയൽ റോഡ് എന്നീ രണ്ടു റോഡുകളാണ് ടെണ്ടർ ചെയ്തിട്ടുള്ളത്. ഈ പ്രവർത്തികൾ കരാറുകാർ ആരും ഏറ്റെടുത്തിട്ടില്ല. |
| ബി. ഈ പദ്ധതിയിൽപ്പെട്ട പ്രവൃത്തികൾ ഏറ്റെടുക്കാൻകോൺട്രാക്ടർമാർ വിമുഖത കാണിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി. | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| സി. എങ്കിൽ കാരണം വ്യക്തമാക്കാമോ; അത്തരം പ്രശ്നങ്ങളിൽ അവ പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | സി. | പി.എം.ജി.എസ്.വൈ പദ്ധതിപ്രകാരം നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന റോഡുകൾ പ്രാവർത്തികമാക്കുമ്പോൾ പല ബുദ്ധിമുട്ടുകളും നേരിടുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.. റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭിക്കാതെ വരിക, നിർമ്മാണം നടത്തേണ്ട റോഡുകളിലുള്ള യൂട്ടിലിറ്റീസ് (ടെലിഫോൺ ലൈനുകൾ, ഇലക്ട്രിക് പോസ്റ്റുകൾ, പൈപ്പുലൈനുകൾ തുടങ്ങിയവ) മാറ്റിസ്ഥാപിക്കേണ്ടി വരുന്നതിനുള്ള കാലതാമസം, ആവശ്യത്തിനുള്ള സാങ്കേതിക ഉദ്യോഗസ്ഥരുടെ കുറവ് എന്നിവ പദ്ധതി നടത്തിപ്പിനെ ദോഷകരമായി ബാധിച്ച പ്രധാനകാരണങ്ങളാണ്. |

പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം പാക്കേജ് അടിസ്ഥാനത്തിൽ ടെണ്ടർ ചെയത് പ്രവർത്തികൾ കരാറുകാർ ഏറ്റെടുക്കാത്ത സാഹചര്യത്തിൽ ഈ പ്രവൃത്തികൾ വെവ്വേറെ ടെണ്ടർ ചെയ്യുന്നതിനുള്ള ശുപാർശയിൻമേൽ നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.